

# തുറന്നിട്ട ജാലകങ്ങൾ




വായിക്കൂ

# തുറന്നിട്ട ജാലകങ്ങൾ

# ഡിജിറ്റൽ മാഗസ്സിൻ



## സന്ദേശം



സെന്റ് പീറ്റേഴ്സ് ഹയർസെക്കന്ററി സ്കൂൾ
കുമ്പളങ്ങി

2019-21 അദ്ധ്യായന വർഷത്തെ

'തുറന്നിട്ട ജാലകങ്ങൾ'

എന്ന പേരിൽ ഒരു ഡിജിറ്റൽ മാസികപ്രസിദ്ധീകരിക്കുന്നു

എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

പാഠ്യ-പഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കലാസാഹിത്യസൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും സ്മരണിക വേദി ഒരുക്കുമെന്ന് പ്രതിക്ഷിക്കുന്നു

സി രവിന്ദ്രനാഥ്
വിദ്യാഭ്യാസ മന്ത്രി

ജോൺ ജൂഡ് ഇ.വി.
ഹെഡ്മാസ്റ്റർ
(സെന്റ് പിറ്റേഴ്സ് എച്ച്.എസ്സ്.എസ്സ്,കുമ്പളങ്ങി)

Table of Contents

നക്ഷത്രവും പൂവും....................................................4
ആർഭാടത്തിൽനിന്നു ലാളിത്യത്തിലേക്ക്..................5
ഒരു കുടന്ന വെളിച്ചമായ്...........................................6
വീഴാത്ത പൂവ്.............................................................7
പൂവ്...............................................................................8
മഴ നനഞ്ഞ എന്റെ ബാല്യം.....................................9
പാരിന്റെ നന്മയ്ക്കത്രേ.............................................10
കൗമാരം.....................................................................11
പ്രായപൂർത്തിയെത്തലും കൗമാരമാറ്റങ്ങളും..............14
വികസനത്തിൻെറ പാതയിൽ..................................17
നിൻ മുഖം..................................................................19
ദൂരെ ദൂരെ ഒരു ബാല്യം.............................................20
ചതി.............................................................................21
अगड्म-बगड्म...........................................................22
ഔഷധ സസ്യങ്ങൾ.....................................................23
ചെണ്ട.........................................................................24
ചെണ്ട ഉപയോഗിക്കുന്ന വിതം.................................25
നക്ഷത്രങ്ങൾ.............................................................26
തെയ്യം........................................................................27
ആനകൾ.....................................................................28
നാളേയ്ക്കുവേണ്ടി.........................................................29

അതേ പ്രാർഥന..............................................30
വികസനം....................................................31
ഒ എൻ വി കുറുപ്പ് (1931-2016)..............................32
ഇപ്പോഴും നിനവിൽ...........................................33
മന:സങ്കീർത്തനം.............................................34
കഥകളി വേഷങ്ങൾ.............................................36
കേരളം......................................................38
പ്രണയത്തോട്.................................................40
മയിലമ്മക്ക്...!..............................................41
ചോദ്യം;ഉത്തരം...............................................42
മനസ്സിന്റെ സന്തുഷ്ടി..........................................44
എന്റെ കുമ്പളങ്ങി.............................................45
പുള്ളിക്കരിങ്കാളി..............................................46
കണ്ടൽക്കാട്.................................................48
വിഷു.......................................................50
ക്രിസ്തുമസ്..................................................51
സ്വതന്ത്ര്യ സമര സേനാനികൾ....................................52
ദീപാവലി....................................................54

# നക്ഷത്രവും പൂവും

നക്ഷത്രമൊന്നിനെ കാട്ടി-വാനം
മുക്കുറ്റിയോടു ചോദിച്ചു
ഉണ്ടോ ഒരെണ്ണമിവ്വണ്ണം- നിന-
ക്കെന്നോടു മത്സരംകൂടാൻ?
താണുപോയാല്ലോ ശിരസ്സ് - ചെടി -
ക്കീറനായല്ലോ മിഴികൾ
ഇല്ലായ്മ സമ്മതിക്കുമ്പോൾ – വേറെ
വല്ലായ്മയെന്തുള്ളൂ പാരിൽ?
അന്നേരമുണ്ടോ ശിരസ്സിൽ – ഒരു
കുഞ്ഞുപൂവിന്റെ വിരിയൽ!
രത്നം പതിച്ചതുപോലെ- അതിൻ
കാന്തിയെങ്ങും ചിതറുന്നു!
കണ്ണഞ്ചുമാറായി വ്യോമം - മണ്ണി-
ലിത്രയുണ്ടാവുമോ ചന്തം?
നക്ഷത്രമെത്ര നിസ്സാരം - ഇതാ
ഭൂമിയിലെ പൊന്നുതാരം!
അത്രയും താഴ്മയിൽനിന്നേ - വരൂ
ഇത്രയ്ക്കഴക്കു പൂവിന്നും!



# ആർഭാടത്തിൽനിന്നു ലാളിത്യത്തിലേക്ക്

ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ന് അയാൾത്തന്നെ പറയുന്നു. ആമനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നു. ആർഭാടം ഒരു ഉന്മാദവസ്ഥയാണ്. ആളുകൾക്കോ വീടുകൾക്കോ ചരിത്രത്തിനോ ഉന്മാദം വരാം. ഉന്മാദത്തിൽ ശരി മാത്രമേ ഉള്ളൂ. തെറ്റും തോൽവിയും ഇല്ല. അസാധ്യം എന്ന ഒരു വാക്കില്ല. ഉണർവും മത്സരവും ഏറിയ നമ്മുടെ സമുദായത്തിൽ അതുകൊണ്ട് ആർഭാടത്തിന്റെ ഉന്മാദം വർധിച്ചുവരുന്നു. Beg, borrow or steal എന്നതാണ് മുദ്രാവാക്യം. കടക്കെണിയായി, കടവും കൊള്ളയുമായി തെരുവകളിലും രാജനീതിയിലും ഇത് പ്രത്യക്ഷപ്പെടാം. മൂലയ്ക്കായിപ്പോകുന്ന മനുഷ്യരുടേയും രാജ്യങ്ങളുടേയും പ്രതികരണം, നിറവേറ്റാത്ത മോഹം, പ്രണയത്തെപ്പോലെ നിങ്ങളെ ആത്മഹത്യയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരുവാണ് നിരോധിച്ചത്. ആർഭാടത്തിനെതിരായ നമ്മുടെ ആദ്യത്തെ ശബ്ദം. ആരാധനയെപ്പോലും ഗുരു നിരാഡംബരാക്കി. പാവങ്ങളുടെ മോഹങ്ങളെ അറിവിലേക്കും വ്യവസായത്തിലേക്കും തിരിച്ചുവിട്ടു. സമുദായസംഘടനകൾക്ക് ഇക്കാര്യത്തിൽ പലതും ചെയ്യാൻ കഴിയും. പക്ഷേ, അവർക്ക് ഇച്ഛാശക്തി നഷ്ടപ്പെട്ടിരിക്കുന്നു. ഉള്ളവന് ആർഭാടമാകുന്നു സ്വന്തം തെളിവ്. പതിനൊന്ന് ആനയുള്ള ദൈവം ആനയില്ലാത്ത മറ്റു ദൈവങ്ങളേക്കാൾ എത്രയോ വലിയവൻ. മത്സരിക്കുന്ന പാവങ്ങൾ പതുക്കെ പാപ്പരായിത്തീരും. അവർക്കു മാത്രമായി മീനിന്റെ വില കുറയുകയുമില്ല. ആർഭാടത്തിനുള്ള ചെലവും മാറുകയില്ല. ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു. സമുദായസ്ഥാപനങ്ങൾക്ക് മാത്രമേ ഇപ്പോൾ ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയൂ. ഇത് സർക്കാരിന്റെയോ രാഷ്ട്രീയക്കാരന്റെയോ തട്ടകമല്ല. ആചാരങ്ങളുടെ സ്വത്വവൈകാരിക തലമാകുന്നു. അതുകൊണ്ട് ഇപ്പോൾ നേതൃത്വം വിപരീതങ്ങളെ ആദർശവൽക്കരിക്കണം.

സമ്പൂർണകൃതികൾസംസ്കാരം2

***(എം.എൻ.വിജയൻ)***

# ഒരു കുടന്ന വെളിച്ചമായ്

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽപ്രതിമ കുഴിച്ചെടുത്തു.സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് സൗന്ദര്യാസ്വാദകനു വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി ഈ പണം എന്തു മാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കുവാങ്ങും?

അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു എന്തൊരു സൗന്ദര്യം! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്കുശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ്! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും?



# വീഴാത്ത പൂവ്

വേലിപ്പടർപ്പിലൊരു പൂവുണ്ട്,
വഴിയെ പോകുന്നവർക്കെല്ലാം
മഞ്ഞുനീരിൽ കുതിർന്ന മന്ദസ്മിതം
കൈമാറുന്ന ചെറിയ പൂവ്.
കാറ്റിന് അതിന്റെ വാസന ഇഷ്ടമല്ല
പാവം തോന്നിയിട്ടായിരിക്കണം,
ആരും അതിനെ നുള്ളിയെടുക്കാറുമില്ല.
സ്കൂൾക്കുട്ടികൾക്കും വിലാപയാത്രക്കാർക്കും
കാർബൺ കമ്പിനിയിലെ സൈറൺ വിട്ടിറങ്ങുന്നവർക്കും
ഒരേ ചിരി സമ്മാനിച്ചുകൊണ്ട്
അതങ്ങനെ നിൽക്കും.
ആവഴി പോകാറുള്ള
ഭ്രാന്തൻ വേലായുധനോ
പാത്തുമ്മയുടെ ആടോ, എന്തോ
അതിനെ ഇതുവരെ ശ്രദ്ധിച്ചിട്ടില്ല.
ആ വേലിപ്പടർപ്പിലേക്ക്
പറന്നിറങ്ങുമാറില്ല.
പൂവിനിപ്പോഴും വലിയ നാണമാണ്
പേര് ചോദിച്ചാൽ പറയാതെ,
അതേ മന്ദസ്മിതമാണ്.



# പൂവ്



പൂവേ പൂവേ ..കൊഴിയല്ലേ ..

പൂന്തെന്നവു വന്നു വിളിച്ചാൽ പോവല്ലേ

പുലരി പുതു മഴയിൽ ഇതളു പൊഴിയ്ക്കല്ലേ

ഒരിതളും നീ ..പൊഴിയ്ക്കല്ലേ ...(പൂവേ..)

പുതു മണ്ണിനു ചൂടാനൊരു പൂവിതളും നല്കല്ലേ

ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നല്കല്ലേ (പൂവേ..)

വെള്ളിനിലാവിലലിഞ്ഞീ പുഞ്ചിരി മായ്ക്കല്ലേ

പൂവണ്ടിൻ പ്രണയം പൊള്ളാണേ...

നിന്നോടുള്ള പുവണ്ടിൻ പ്രണയം പൊള്ളാണേ

അത്, പൂന്തേനുണ്ണാനണയുവതാണേ (പൂവേ..)

നിന്നെ കാണാനെന്നും കൊതിയാണേ ...

എനിക്കു നിന്നെ കാണാനെന്നും ...കൊതിയാണേ (പൂവേ..)


# മഴ നനഞ്ഞ എന്റെ ബാല്യം

ജീവിതം മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയോളിക്കും
കാശിതുമ്പകൾ അല്ലോ നമ്മൾ

മഴ വരുംനേരമാർത്തു വിളിച്ചത്
നനഞ്ഞ എന്റെ ബാല്യം
ഒക്കെകണ്ടൊരു ചിരിയർന്നു നിൽക്കുമെന്ന്
തേന്മാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാടു സൽക്കരിച്ചിരുന്നു



# പാരിന്റെ നന്മയ്ക്കത്രേ



**ഞാ**ൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ-അഹന്ത നിങ്ങൾ അതിരുകവിയുമ്പോഴോ- ഈ ഒരു ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.

നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ദരിദ്രനായ, നിസ്സഹായനായമനുഷ്യന്റെമുഖംസങ്കൽപ്പിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം - അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കി കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ,നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണകിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?

ഗാന്ധിസാഹിത്യസംഗ്രഹം (ഗാന്ധിജി)

# കൗമാരം

മനുഷ്യജീവിതത്തിൽ ബാല്യത്തിനും യൗവനത്തിനും ഇടയ്ക്കുള്ള, ശാരീരികവും മാനസികവുമായ സങ്കീർണ്ണ പരിവർത്തനഘട്ടമാണ് കൗമാരം . ലോകാരോഗ്യസംഘടനയുടെ നിർവ്വചനമനുസരിച്ച് കൗമാരം 10 വയസ്സുമുതൽ 19 വയസ്സുവരെയുള്ള വളർച്ചാ-വികാസഘട്ടമാണ്. ശാരീരിക വളർച്ചയ്ക്കൊപ്പം മാനസികവളർച്ചയും ലൈംഗികശേഷിയും ഉണ്ടാകുന്നതിനാൽ ചിന്താരീതിയിലും വൈകാരിക മണ്ഡലത്തിലും കാര്യമായ വ്യതിയാനങ്ങൾ രൂപപ്പെടുന്നതിനാൽ ഈ



കാലഘട്ടം മനഃശാസ്ത്രജ്ഞരുടേയും ശിശുഗവേഷകരുടേയും വിദ്യാഭ്യാസ വിചക്ഷണരുടേയും ആരോഗ്യ വിദഗ്ധരുടെയും സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. ഹോർമോണുകളുടെ വർദ്ധനവ്, വേഗത്തിലുള്ള ശാരീരിക വളർച്ച, പക്വതക്കുറവ്, ചുറ്റുപാടുകൾ ഏൽപ്പിക്കുന്ന സംഘർഷങ്ങൾ, സംസ്കാരം, മതം, ആചാരം, പാരമ്പര്യം, ലിംഗഭേദം എന്നിവയുടെ സ്വാധീനം; പോഷകാഹാരം, മാധ്യമങ്ങളുടെ സ്വാധീനം, കൂട്ടുകാർ, ദാരിദ്ര്യം എന്നിവയെല്ലാം ഈ കാലഘട്ടത്തിൽ ശരീരത്തിന്റെയും മനസ്സിന്റേയും വളർച്ചാ-വികാസങ്ങളെ ബാധിക്കുന്നു. ട്രാൻസ്ജെൻഡറുകൾ, സ്വവർഗാനുരാഗികൾ തുടങ്ങിയ ലിംഗ-ലൈംഗികന്യൂനപക്ഷങ്ങൾ സ്വന്തം സ്വത്വം തിരിച്ചറിയാൻ സാധ്യതയുള്ള ഒരുഘട്ടം കൂടിയാണിത്. മദ്യം, മയക്കമരുന്ന്, സിഗരറ്റ്, ആത്മഹത്യ സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, അനാവശ്യ ഗർഭധാരണം, ലൈംഗികരോഗങ്ങൾ, അമിതമായ കോപം, വിഷാദം, ഒറ്റപ്പെടൽ, മുഖക്കുരു, പഠനവൈകല്യം, കുടുംബപ്രശ്നങ്ങൾ, പ്രണയനൈരാശ്യം എന്നിവയെല്ലാം ഈ ഘട്ടത്തിൽ സമ്മർദ്ദ ഘടകങ്ങളാകുന്നുണ്ട്. ഇവയെ അതിജീവിക്കുന്നതിനും ആരോഗ്യകരമായ ശാരീരിക-മാനസിക വികാസത്തിന് ഉതകുംവിധം കൗമാര മനസ്സുകളെ പാകപ്പെടുത്തുന്നതിനും അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും ആരോഗ്യ പ്രവർത്തകർക്കും മാധ്യമങ്ങൾക്കും സമൂഹത്തിനും ബാദ്ധ്യതയുണ്ട്. കൗമാര വിദ്യാഭ്യാസം, ലഹരി വിമോചന പരിപാടികൾ, ആരോഗ്യലൈംഗിക വിദ്യാഭ്യാസം, കൗൺസിലിംഗ്, മനഃശാസ്ത്ര ചികിത്സ തുടങ്ങിയവ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനായി നടത്താറുണ്ട്. ലോകത്താകെ 1.2 ബില്യൺ കൗമാരപ്രായക്കാരുണ്ട്. അവരിൽ 243 ദശലക്ഷം പേരും ഇന്ത്യക്കാരാണ്.

# വികസനത്തിൻെറ പാതയിൽ

കേരളത്തിൻെറ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക്നേതൃത്വം നൽകുന്ന സർക്കാർ കമ്പനികൾ കൈറ്റ് പൊതുവിദ്യഭ്യാസ വകുപ്പിനുകീഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണ്

## ഹൈടെക്ക് സ്കൂൾ

സംരക്ഷണ യജ്ഞത്തിൻെറ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 45,000 ക്ലാസ്മുറികൾ ഹൈടെക്ക് നിലവാരത്തിലേക്കുന്നതിനുള്ളപദ്ധതിയാണ് ഹൈടെക്ക് സ്കൂൾ. ഈ പദ്ധതി വഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഓരോ ക്ലാസ്മുറിയ്ക്കും ഒരു ലാപ്ടോപ്പും, മൾട്ടിമീഡിയ പ്രൊജക്ടറും, വൈറ്റ്ബോർഡും, ശബ്ദസംവിധാനവും വിതരണം ചെയ്തു.

## സമഗ്ര ഇ പോർട്ടൽ

ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ക്ലാസ്സ്മുറികളിൽ 1 മുതൽ 12 വരെ ക്ലാസ്മുറികളിലെ പഠനത്തിനാവിശ്യമായ റിസോർഴ്സുകൾ ഉൾപ്പെടുത്തികൊണ്ട് കൈറ്റ് ,സമഗ്ര എന്ന പേരിൽ ഒരു ഇ- പോർട്ടൽ വികസിപ്പിക്കുകയുണ്ടായി

## ലിറ്റിൽ കൈറ്റ്സ്

കൈറ്റിന്റെ നേതൃത്വത്തിലുള്ളകേരളത്തിലെ പൊതുവിദ്യലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബുകൾ. പൊതുവിദ്യാഭ്യസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർസുരക്ഷ,മലയാളംകംമ്പ്യൂട്ടിങ്, ഹാർഡ് വെയർ ഇലക്ട്രോണിക്സും എന്നീ മേഘലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു.

## കൈറ്റ് ഓപ്പണർ ഓണ് ലൈൻ ലോണിങ്ങ്(KOOL)

കേരളത്തിലെഅധ്യാപകർക്കും ഓണ്ർലൈനായിപരിശലനവും നൽകുക എന്നലക്ഷ്യത്തോടെ കൈറ്റ് ആരംഭിച്ച ഓണ് ലൈൻ പരിശിലന പോര്ർട്ടലാണ് കൈറ്റ് ഓപ്പണ്ർ ഓണ്ർലൈൻ ലോണിങ്ങ്(KOOL).

**ഇത്തരം പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ വളർച്ചയ്ക്ക് സഹായിക്കുന്ന കൈറ്റിനും സർക്കാരിനും നന്ദി പറയുന്നു**

# നിൻ മുഖം

ഒരു മെഴുതിരിയുടെ വെളിച്ചത്തിൽ
എന്റ സ്വപ്ങ്ങൾക്കു മോടിയേകുവാൻ
നീ തെളിയിച്ച ദീപങ്ങൾ എൻ
മനസ്സിൽ തെളിയുമ്പോൾ .....
ഒരിക്കലും മായാതെ നിൻ മുഖം
എന്നുള്ളിൽ മിന്നി മറയുന്നു...
വീണ്ടും എനിക്കായി ദീപങ്ങൾ
നീ തെളിയിക്കുമ്പോൾ .....
ആ ദീപങ്ങങ്ങൾക്കു സാക്ഷിയാകാൻ
അങ്ങ് കണ്ണെത്താ ദൂരത്തു ഞാനും....



## ദൂരെ ദൂരെ ഒരു ബാല്യം

ഓർമ്മകൾക്കു എന്ത് ബാല്യം എന്ന് ഞാൻ
നിനച്ചുപോയ്യി കാലമിത്രയും കഴിഞ്ഞിടവെ
സന്ധ്യ മായ്യും നേരം പകലിനോടു
അടുക്കുന്നപോൽ .......
ഓർമ്മതൻ പൂക്കാലം മനസ്സിൽ നിന്ന് മായ്യുമ്പോൾ
പൂക്കൾതൻ സുഗന്ധം മായ്യാതെ.......
വീണ്ടും തിരുമുറ്റത്തെത്തുമ്പോൾ ....
ഉണ്ണി കാലടികൾ പിച്ചനടന്നൊരാമണ്ണിനേയും
പിച്ചവച്ച നാളത്രയും അമ്മതൻ കൈപ്പിടിച്ചു
ഓരോ ദിനങ്ങളും പിന്നിട്ടതറിയാതെ
ഓർത്ത് നിൽപ്പൂ ഞാൻ.....
ഒരിക്കലും വാറ്റാത്ത അമ്മതൻ സ്നേഹവും
ഓർമയിലെ വേദനയിൽ ഇന്നും
സൂക്ഷിച്ചിടുന്നു.......
കാലമിത്ര കഴിയുമ്പോഴും ഞാൻ ഓർക്കുന്നു
ഒരിക്കലും തിരിച്ചുകിട്ടാത്ത.......
ഓർമ്മകൾക്കെന്തു ബാല്യം



# ചതി

ചതി. സൂര്യമുരളി



കർമ്മം വാക്കുകളെ വേദനിപ്പിക്കുമ്പോൾ
നയനങ്ങൾ, ഇമകളെ, ഈറനണിയിക്കും
കാതുകൾ,ചുണ്ടുകളെ,വഞ്ചിക്കുമ്പോൾ
ഹൃദയം, മനസ്സിനെ,മുറിവേല്പിക്കും.
മനസ്സ്, സർവതിനെയും,മറക്കും....
ചതി,സർവ്വത്ര ചതി!
പുരാണങ്ങളിലെ ചതി ഇന്നും തുടരുന്നു
എവിടെയും,എപ്പോഴും, പതിഞ്ഞിരിക്കും,ചതി
സങ്കല്പങ്ങൾ, ദേഹത്തെ,തോല്പിക്കുമോ?
ആശകൾ,ലോകത്തെ,പുൽകുമ്പോൾ
ബുദ്ധി, പ്രപഞ്ചത്തെ,കീഴടക്കും.......
വിഷാദം,സന്തോഷത്തെ,മൂടിപുതപ്പിക്കുമ്പോൾ
ആനന്ദം, ആത്മാവിനെ, തകർക്കും
രാത്രി, പകലിനെ, വിഴുങ്ങും....
രാഗം ഉയർന്നു ,സംഗീതം നിശ്ശബ്ദമാകുമ്പോൾ
വരികൾ,ഈണത്താൽ ശ്വാസത്തെ മറയ്ക്കുന്നു



പ്രവർത്തികൾ,വാക്കുകളെ,നാണിപ്പിക്കും
അസത്യം,സത്യത്തെ തൂക്കികൊല്ലുന്നു,
മാലോകരിന്ന് ആരാച്ചാർമാർ,വിഷം പോലും
തീണ്ടാത്ത,ഉഗ്രവിഷസർപ്പസുന്ദരന്മാരും,
സുന്ദരികളും....
ജനം,ലോകം,നൂറ്റാണ്ടുകൾ പുറകിലേക്ക്
ഒഴുകുന്നു, തടയണയില്ലാതെ.......
നാം,നമ്മെ,വഞ്ചിക്കുന്നു,കർമ്മങ്ങളിലൂടെ....

# अगड्म-बगड्म

अगड्म-बगड्म गए बाजांर,

वहॉ से लाए मोती चार|

दो मोती थे टूटे-फूटे|

बाकी दो हाथों से छटे,

अगड्म-बगड्म दोनों रूठे!

आगे आया नया बाजांर

पीं-पीं बाजा,सीटी चार,

लेकार बोले अगड्म-बगड्म-

दे दो और खिलौने!



# ഔഷധ സസ്യങ്ങൾ



**ഔഷധ സസ്യങ്ങൾ** മെഡിസിനൽ ഹെർബ്സ്) ചരിത്രാതീത കാലം മുതൽ പരമ്പരാഗത വൈദ്യത്തിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സസ്യഭുക്കുകളായ സസ്തനികൾക്ക് പ്രാണികൾ, പൂപ്പൽ, രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കാൻ വേണ്ടി സസ്യങ്ങൾ നൂറുകണക്കിന് രാസ സംയുക്തങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജൈവ പ്രവർത്തനങ്ങളുള്ള നിരവധി ഫൈറ്റോകെമിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും ഒരൊറ്റ സസ്യത്തിൽ തന്നെ വളരെയധികം വൈവിധ്യമാർന്ന ഫൈറ്റോകെമിക്കൽസ് അടങ്ങിയിരിക്കുന്നതിനാൽ മുഴുവൻ സസ്യങ്ങളെയും ഔഷധമായി ഉപയോഗിക്കുന്നത് അനിവാര്യമല്ല. കൂടാതെ, ഔഷധ ശേഷിയുള്ള ധാരാളം സസ്യങ്ങളുടെ ഫൈറ്റോകെമിക്കൽ ഉള്ളടക്കവും ഫാർമക്കോളജിക്കൽ പ്രവർത്തനങ്ങളുടെയും ഫലപ്രാപ്തിയും സുരക്ഷിതത്വവും നിർവചിക്കാൻ കർശനമായ ശാസ്ത്രീയ ഗവേഷണം നടത്തിവരുന്നു.

# ചെണ്ട



കേരളീയ മേളവാദ്യങ്ങളായ ചെണ്ടമേളം, തായമ്പക, പഞ്ചാരി മേളം , പാണ്ടി മേളം ശിങ്കരി മേളം എന്നിവയിലെ ഏറ്റവും പ്രധാനപ്പെട്ട വാദ്യോപകരണമാണ് ചെണ്ട. കേരളത്തിലെ ഹിന്ദു ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിലെയും കഥകളി, കൂടിയാട്ടം, കന്ന്യാർ കളി, തെയ്യം, തുടങ്ങിയ നാടൻ കലാരൂപങ്ങളിലേയും ഒഴിച്ചുകൂടാനാവാത്ത ഒരു വാദ്യോപകരണമാണ്. കേരളത്തിൽ എല്ലാ ഭാഗങ്ങളിലും, തമിഴ് നാട്ടിൽ കന്യാകുമാരി ജില്ലയിലും, കർണടക്കത്തികളുളനാടൻ ഭാഗങ്ങളിലും ചെണ്ട ഉപയോഗിക്കുന്നു. കർണാടകത്തിൽ ഇത് *ചെണ്ടെ* എന്ന് അറിയപ്പെടുന്നു. കർണാർക്കതിന്റെ യക്ഷഗാനം എന്ന നൃത്ത-നാടക കലാരൂപത്തിലും ചെണ്ട ഉപയോഗിക്കുന്നു. ഇടി മുഴക്കതിന്റെ നാദം മുതൽ നേർത്ത ദലമർമ്മരത്തിന്റെ ശബ്ദം വരെ ഉണ്ടാക്കാൻ സാധിക്കുന്ന ഒരു അത്ഭുത വാദ്യോപകരണമാണെ ചെണ്ടയെപ്പറ്റി പറയാറുണ്ട്. *എല്ലാ താളവും ചെണ്ടക്ക് താഴെ എന്നൊരു പഴഞ്ചൊല്ല് ഉള്ളത് അതിന്റെ ശക്തി വിളിച്ചോതുന്നു.* അത് കൊണ്ട് തന്നെ ചേണ്ടയെ 18 വാധ്യങ്ങൾക്ക് തുല്യമായി കണക്കാക്കുന്നു.

# ചെണ്ട ഉപയോഗിക്കുന്ന വിതം

ചെണ്ട ചെണ്ടവാദ്യക്കാരുടെ തോളിൽ
കെട്ടിത്തൂക്കിയിടാറാണ് പതിവ്. ഒന്നോ രണ്ടോ ചെണ്ടക്കോലുകൾ കൊണ്ട് ചെണ്ടവാദ്യക്കാർ ചെണ്ടയുടെ മുകളിൽ വലിച്ചുകെട്ടിയ തുകലിൽ കൊട്ടുന്നു. അരിമാവ് കുഴച്ച് ഉണക്കിയുണ്ടാക്കുന്ന ചുറ്റ് ഇടാതെ കൈവിരൽ മാത്രമുപയോഗിച്ചും ചെണ്ട കൊട്ടാറുണ്ട്.
ചെണ്ടയ്ക്ക് രണ്ടു തലയ്ക്കും രണ്ടു പേരാണ് പറയുന്നത് **വലന്തല**യെന്നും **ഇടന്തല**യെന്നും. വലന്തലയെ ദേവവദ്യമായി കണക്കാക്കപ്പെടുന്നു. ഇത് കട്ടി കൂടിയ തുകൽ കൊണ്ടു പൊതിയപ്പെട്ടതാണ്. ഇതിൽ നിന്നും താരതമ്യേന ചെറിയ ശബ്ദമാണ് പുറത്തു വരിക. ഇടന്തലയിലാണ് സാധാരണ ചെണ്ട മേളം നടത്തുക. ഉച്ചത്തിൽ ശബ്ദം ഉണ്ടാക്കാൻ കഴിയുന്ന ഇടന്തലയെ അസുര വാദ്യമായി കണക്കാക്കുന്നു. ക്ഷേത്ര മതിൽക്കെട്ടിനള്ളിൽ സാധാരണയായി വലന്തലയിലാണ് ചെണ്ട കൊട്ടാറുള്ളത്.



# നക്ഷത്രങ്ങൾ



വാനത്തെ മാറിൽ ചാഞ്ഞുകിടക്കും
സുന്ദര പുഷ്പ്പങ്ങളാം താരങ്ങളേ
നിന്റെ തിളക്കവും,നിന്റെ വെൺമ്മയും
എത്രയും മനോഹരങ്ങളിന്നെൻ
കൺകൾക്ക് നൽകിടുന്നു.

വാനത്തെ മാറിൽ മേഞ്ഞു നടക്കും
ആട്ടിൻ പറ്റങ്ങളാം താരങ്ങളേ.....
രാത്രിതൻ അതിപനാം
ചന്ദ്രന്റെ കോഴമാരായര് നിങ്ങൾ
എൻ മനസ്സിൽ
വെൺമയും കുളിര്മയും
പ്രകാശവും ദീപവും
ഒന്നിച്ചു ചേരുന്ന നിന്റെ ഹ്യത്തിൽ
ചാഞ്ഞൊനുറങ്ങീടുകയാണെന്റെ മോഹം
രാത്രിയെ സ്നേഹിക്കും താരങ്ങളങ്ങ്
ഓടി രസിക്കും പൈതങ്ങളോ
രാത്രിയെ സൗന്ദര്യം നൽകുന്ന നിങ്ങൾ-
തൻ വെൺമ്മ എനിക്കേറെയിഷ്ടമാണ്

ഞാനും കൊതിക്കുന്നു വന്നിരിക്കകെ
എന്റെ കൈകളിൽ നിങ്ങൾ എന്നും എന്നു.
വനത്തെ മാറിൽ ചാങ്ങു കിടക്കും
സുന്ദര പുഷ്പമാം താരങ്ങളെ

# തെയ്യം



നൃത്തം ചെയ്യുന്ന ദേവതാസങ്കല്പമാണ് തെയ്യം. തെയ്യത്തിന്റെ നർത്തനം **തെയ്യാട്ടം** എന്നും തെയ്യത്തിന്റെ വേഷം **തെയ്യക്കോലം** എന്നും അറിയപ്പെടുന്നു. ദേവാരാധന നിറഞ്ഞ തെയ്യം കലയിൽ മന്ത്രപരമായ അനുഷ്ഠാനം, തന്ത്രപരമായ അനുഷ്ഠാനം, കർമ്മപരമായ അനുഷ്ഠാനം, വ്രതപരമായ അനുഷ്ഠാനം എന്നിവ ഇടകലർന്നുകാണുന്നു. പ്രധാനമായും അമ്മ ദൈവങ്ങൾ ആണ് തെയ്യങ്ങൾ (ഉദാ: മുച്ചിലോട്ട് ഭഗവതി). കൂടാതെ വീരന്മാരെയും തെയ്യങ്ങൾ ആയി ആരാധിക്കുന്നു(ഉദ:കതിവന്നൂർ വീരൻ). ഏതാണ്ട് അഞ്ഞൂറോളം തെയ്യങ്ങൾ ഉണ്ടെന്നാണു പറയപ്പെടുന്നത്. എങ്കിലും നൂറ്റിരുപതോളം തെയ്യങ്ങളാണ് സാധാരണമായിട്ടുള്ളത്.



വൃക്ഷാരാധന, പർവതാരാധന, അമ്മദൈവാരാധന, പ്രേതാരാധന, ശൈവ-വൈഷ്ണവാരാധന എന്നിങ്ങനെ പല ആരാധനാരീതികളുടേയും സമന്വയമാണ്, തെയ്യം.

# ആനകൾ



പ്രോബോസിഡിയ  എന്ന സസ്തനികുടുംബത്തിൽ ഉൾപ്പെടുന്ന ജീവിയാണ് **ആന.** ഈ ജന്തുവംശത്തിൽ ഇന്നു വംശനാശം നേരിടാതെ ഭൂമിൽ കഴിയുന്ന



ഏക ജീവിയുമാണിത്. ഇപ്പോൾ ഉപയോഗത്തിലില്ലാത്ത പാക്കിഡെർമാറ് എന്ന വർഗ്ഗത്തിൽ പെടുത്തിയായിരുന്നു ആനയെ നേരത്തേ വർഗ്ഗീകരിച്ചിരുന്നത്. ഭൂമുഖത്ത് മൂന്ന് ആനവംശങ്ങൾ ഇന്ന് നിലവിലുണ്ട്: ആഫ്രിക്കൻ ബുഷ് ആന, ആഫ്രിക്കൻ കാട്ടാന, ഏഷ്യൻ ആന (ഈയടുത്ത കാലം വരെ ആഫ്രിക്കൻ ബുഷ് ആനയും, ആഫ്രിക്കൻ കാട്ടാനയും *ആഫ്രിക്കൻ ആന* എന്ന ഒറ്റപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇന്ത്യൻ ആന ഏഷ്യൻ ആനയുടെ ഉപവിഭാഗമാണ്). മറ്റു ആനവംശങ്ങൾ കഴിഞ്ഞ ഹിമയുഗക്കിനു ശേഷം,എകദേശം പതിനായിരം വർഷം മുൻപ് നാമാവശേഷമായിപ്പോയി. കേരളത്തിന്റെ സാംസ്കാരികമണ്ഡലത്തിൽ ആനകൾക്ക് പ്രത്യേക സ്ഥാനമുണ്ട്.അവലംബം *ആവശ്യമാണ* ആനയെ ഇന്ത്യയുടെ പൈതൃക മൃഗമായി 2010 ഒക്ടോബർ 22 ന കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. ഇത്,ആനകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ്.

# നാളേയ്ക്കുവേണ്ടി

ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറുകിളികൾക്കുവേണ്ടി
ഒരു തൈ നടാം നല്ലനാളേയ്ക്കുവേണ്ടി

ഇത് പ്രാണവായുവിനായി നടുന്നു
ഇതു മഴയ്ക്കായി തൊഴുതു നടുന്നു
അഴകിനായ്തണലിനായ്തേൻപഴങ്ങൾക്കായ്
ഒരു നൂറു തൈകൾ നിറഞ്ഞു നടുന്നു

# അതേ പ്രാർഥന

വസന്തത്തോടർഥിച്ചതു വെറുതെയായില്ല, തേന്മാ -
വടിമുടി പൂങ്കുലകളണിഞ്ഞു നിന്നൂ.
ഒരു പൂവും കൊഴിയാതെയുണ്ണികൾ വിരിഞ്ഞു, പിന്നീ
ടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു.
സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ-
രനധ്യായം പഠിപ്പിച്ചിതതിനെച്ചൂണ്ടി.
വേനൽ ചുഴന്നൂതിയൂതിയതിൻ നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ
ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറി കൊമ്പകളി-
ലായിരം കാക്കകളതിൽപ്പറന്നു വീണൂ.
ആയിരം കൊച്ചടികളത്തണൽ വിരിയിൽപ്പതിഞ്ഞൂ
മായികനഗരം പോലത്തോപ്പു ചമഞ്ഞൂ.
അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കുടച്ചിട്ടോ-
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു
എല്ലാമെല്ലാം കഴിഞ്ഞപ്പോളമ്മാമരം കലുഷമാം
സ്വർല്ലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു
പിന്നത്തെ വസന്തത്തോടുമർഥിക്കയായ്,ട "ഭഗവാനേ
തന്നരുൾകെനിക്കു വീണ്ടും സഫലജന്മം".
വേറെന്തുള്ളൂ വരമെങ്കൽ, ദേവനാക്രോശിച്ചു, "സാധോ
വേദനയ്ക്കു വേണ്ടിത്താന്നോ ചോദിപ്പൂ വീണ്ടും!"
പരിസ്ഫുരൽപ്രഭാതാംശു പതിയും പല്ലവം മെല്ലെ-
ച്ചലിക്കുമാറമ്മാകന്ദം മൊഴിഞ്ഞിതേവം;
"സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം; അയ്യോ,
ദരിദ്രന്റെ മരവിപ്പാണസഹനീയം!"

# വികസനം



വീട്ടുയരും
മുമ്പേ,
മതിലുയരുന്നു .
വീട്ടുകാരനെ,
കാണും മുമ്പേ,
കാവൽ പട്ടി,
കുരച്ചു ചാട്ടുന്നു .
പെണ്ണു ചോദിക്കും,
മുമ്പേ,
ഭൂമിയുടെ വിസ്തീർണം തിരക്കുന്നു.
മാസ ശമ്പളത്തിൽ
അക്കങ്ങളെത്രയെന്നു തിരക്കുന്നു .
നാമിങ്ങനെ വികസിച്ചാൽ
നാളെ നാടെന്താവും...?

# ഒ എൻ വി കുറുപ്പ് (1931-2016)

മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ എൻ വി കുറുപ്പ് ( 1931-2016).ഒ എൻ വി എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം.കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ എൻ കൃഷ്ണകുറുപ്പിന്റെയും കെ ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 അത്തം നക്ഷത്രത്തിൽ ജനനം.ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഏറ്റവും ഇളയമകനാണ് ഒ എൻ വി എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു.



തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു.1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു.തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി.

1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി.1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ: വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-നു ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു.ഇപ്പോൾ കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപരാണ്.

കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി തന്റെ ആദ്യ കവിതയായ മുന്നോട്ട് എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്.1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം.ആറുപതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്.

1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്.സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.വാർദ്ധക്യ സഹജമായ രോഗത്താൽ 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്തെ ആശുപത്രിയിൽ വെച്ചാണ് മരിച്ചത്.

# ഇപ്പോഴും നിനവിൽ.

പതിനേഴിൻ പടവിലിരുന്ന്
തങ്കത്താമരപ്പൂവുകൾ കണ്ട്
കൈരേഖകൾ നോക്കി
ഭാഗ്യം കുറിച്ചു,
ഇഷ്ടങ്ങളോരോന്നോർത്തു
മൗനരാഗത്താൽ മെല്ലെ -
ച്ചിരിച്ചു.
താലവൃന്തങ്ങളെ,ത്തഴുകി
കുളിർ മാരുതനിങ്ങടുത്തെത്തി
മഞ്ചാടി മുത്തുകൾ നീളെ-
ച്ചിതറി, യെൻ
ആരാമമാകെ നിറഞ്ഞു,
കൂട്ടാക,മാനന്ദ സ്വപ്നരസത്താൽ
ഉള്ളം പൈമ്പാൽ കുടിച്ചു;
ദേവകന്യകൾ ചുറ്റും നിരന്നു
സ്വർഗ്ഗ വേദിക പോലും കൊതിച്ചു
എന്റെ ജീവിതമിപ്പോൾ ധന്യം
ഈ അഴകിന്റെ മടിയിൽ സുഭദ്രം.
കാല മൃദംഗം മുഴങ്ങി
തളിർവാസന്തമെന്നേപ്പൂൽകികണ്ണാടി മുല്ലകൾ പാടി -
യുറക്കു,മെൻ
മോഹാമ്പരങ്ങൾ ചിണുങ്ങി,
താരാട്ടി,ലൂറിയ മന്ത്രസ്വരത്താൽ
ജന്മം ഗിരിശൃംഗമേറി;
തീരഭംഗികൾ അമൃതം വിളമ്പി
അഷ്ടദിക്കുകൾപോലും ഭ്രമിച്ചു
നിത്യ സൗഭാഗ്യമെന്നും പുണ്യം
ആത്മ സൗരഭം നിനവിൻ മരന്ദം.

# മന:സങ്കീർത്തനം.

സ്നേഹം വിളമ്പും
സേവകൻ പാരിൻ
അനിഷേധ്യ പീഠത്തി-
നരികിലെത്തീ
പൊട്ടിച്ചിരിച്ചു സ്വർഗ്ഗം
കൂടി സ്തുതിച്ചു സർവ്വം
എങ്കിലു, മവനാ പീഠത്തി-
ലൊന്നിരുന്നരുളാൻ മാത്രം
നിന്നതില്ലാ,

നേരേ നടന്നവൻ കണ്ണീർ -
മിഴികളെ കരളോടിണക്കാൻ
ശ്രമിച്ചു;
സ്വർഗ്ഗസ്ഥനാകും പിതാവിൻ
വാക്കു കാക്കാൻ.

സൗഭാഗ്യമെല്ലാം ത്യജിച്ചു
അവനാത്മസുഖങ്ങൾ മറന്നു
ഇനിവിന്റെ പാഠങ്ങൾ ചൊല്ലീ
അവനൻപിന്റെ,യമൃതം കിനിഞ്ഞൂ

വഴിതെറ്റി നീങ്ങും സൃഷ്ടികൾ -
ക്കൊരു സ്പർശ നൈവേദ്യമേകി -
ത്തിരുത്തി;
സ്വയം പാപങ്ങളേറ്റവനന്യന്റെ
പരിശുദ്ധി കാത്തു

ഇന്നും ജീവന്റെ,യാലംബമായി
ഈ പാരിനു സ്നേഹം വിളമ്പാൻ.

സന്ദേശമെങ്ങും വിതച്ചു
ശുഭ്ര തേജസ്സിലെന്നും നിറഞ്ഞു
കനവിന്റെ പാടങ്ങൾ തേവി
നല്ല ഹൃത്തിന്റെ വിളകൾ കൊയ്തു
മതികെട്ടു നീങ്ങും മനുജർ -
ക്കൊരു ലക്ഷ്യസങ്കേതമായ -
വൻ മാറി
ദിനം പാഥേയമോടൊരു സമ്പന്ന
സംസ്കൃതി നീട്ടി
മണ്ണിൽ വാഴ്വിന്റെ,യാരൂഢമായി
നിദ്രയില്ലാത്ത ജാഗ്രതയോടേ

# കഥകളി വേഷങ്ങൾ

## പച്ച



സാത്വിക സ്വഭാവമുള്ള കഥാപാത്രങ്ങൾക്ക് പച്ചവേഷം; ഇതിഹാസങ്ങളിലെ വീരനായകന്മാരെയെല്ലാം പച്ച വേഷത്തിൽ അവതരിപ്പിക്കുന്നു. നന്മയുടെ ഭാവങ്ങളാണ് പച്ചവേഷങ്ങൾ. വീരരായ രാജാക്കന്മാർ,രാമൻ ലക്ഷ്മണൻ തുടങ്ങിയവർക്ക് പച്ചവേഷങ്ങളാണ്. മുഖത്ത് കവിൾത്തടങ്ങളുടെയും താടിയുടെയും അഗ്രമൊപ്പിച്ച്, അരിമാവും ചുണ്ണാമ്പും ചേർത്തുകുഴച്ച് ചുട്ടിയിട്ട്, കടലാസുകൾ അർധചന്ദ്രാകൃതിയിൽ വെട്ടി മീതെ വച്ച് പിടിപ്പിക്കുന്നു. നെറ്റിയുടെ മധ്യഭാഗത്തായി ഗോപി വരയ്ക്കുന്നതിനു "നാമം വയ്ക്കുക" എന്നു പറയുന്നു. ബലഭദ്രൻ, ശിവൻ തുടങ്ങിയവർക്ക് നാമം വയ്ക്കുന്നതിനു വെള്ളമനയോലയുടെ സ്ഥാനത്ത് കറുത്ത മഷി ഉപയോഗിക്കുന്നു.

കത്തിവേഷം അണിഞ്ഞ കഥകളി കലാകാരൻ

## കത്തി



രാക്ഷസസ്വഭാവമുള്ള കഥാപാത്രങ്ങൾക്കാണ് സാധാരണയായി കത്തിവേഷം നൽകുക. രാവണൻ , ദുരോധനൻ, കീചകൻ, ശിശുപാലൻ, നരകാസുരൻ തുടങ്ങിയവർക്ക് കത്തിവേഷമാണ്. ഇതിൽ കണ്ണുകൾക്ക് താഴെയായി നാസികയോട് ചേർത്തും പുരികങ്ങൾക്ക് മുകളിലും ആയി കത്തിയുടെ ആകൃതിയിൽ അല്പം വളച്ച് ചുവപ്പ് ചായം തേച്ച് ചുട്ടിമാവു കൊണ്ട് അതിരുകൾ

പിടിപ്പിക്കുന്നു. കത്തിവേഷത്തെ "കുറുംകത്തി" എന്നും "നെടുംകത്തി" എന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. കവിൾത്തടങ്ങൾക്കു താഴെ കത്തിയുടെ ആകൃതിയിൽ വരയ്ക്കുന്ന അടയാളത്തിന്റെ അഗ്രഭാഗം വളച്ചുവച്ചാൽ കുറുംകത്തിയും, വളയ്ക്കാതെ നീട്ടി കൺപോളകളുടെ അഗ്രങ്ങൾ വരെ എത്തിച്ചു വരച്ചാൽ നെടുംകത്തിയും ആകുന്നു. ശൃംഗാര രസം അഭിനയിക്കുന്നവരുടെ വേഷം കുറുംകത്തിതന്നെ ആയിരിക്കണം. ദുശ്ശാസനൻ, ഘടോൽഘചൻ തുടങ്ങിയവരുടെ വേഷം നെടുംകത്തിയായിരിക്കണം. 'പച്ച' വേഷത്തോടു സമാനമായ നിറക്കൂട്ടിൽ ചുവന്ന വരകൾ കവിളുകളിൽ വരയ്ക്കുകയും മൂക്കിലും നെറ്റിയിലും വെള്ള ഉണ്ടകൾ വയ്ക്കുകയും ചെയ്യുന്നു. വസ്ത്രാഭരണങ്ങൾ എല്ലാം പച്ചവേഷം പോലെ തന്നെയാണ്.

# താടി



പ്രധാനമായും മൂന്ന് തരത്തിലുള്ള താടി വേഷങ്ങളാണുള്ളത്.

വെള്ളത്താടി: ഹനുമാൻ, ജാംബവാൻ പോലെയുള്ള അതിമാനുഷരും സാത്വികസ്വഭാവത്തോടുകൂടിയവരും ആയ കഥാപാത്രങ്ങൾക്ക് വെള്ളത്താടി വേഷമാണ് നൽകുക.

ചുവന്നതാടി: താമസസ്വഭാവികളായ കഥാപാത്രങ്ങൾക്കാണ് ചുവന്ന താടി നൽകുക.

ഉദാ:ബകൻ, ബാലി, സുഗ്രീവൻ, ദുശ്ശാസനൻ, ത്രികർത്തൻ

കറുത്തതാടി :ദുഷ്ടകഥാപാത്രങ്ങൾക്കാണ് കറുത്ത താടി വേഷം

# കരി



താമസസ്വഭാവികളായ വനചാരികൾക്കാണ് കരിവേഷം നൽകുക. ഇവരിൽ ആൺകരിക്ക് കറുത്തതാടി കെട്ടിയിരിക്കും. ഉദാ:കാട്ടാളൻ. പെൺകരിക്ക് നീണ്ടസ്തനങ്ങളും കാതിൽ തോടയും കെട്ടിയിരിക്കും. ഉദാ: നക്രതുണ്ടി, ശൂർപ്പണഖ, ലങ്കാലക്ഷ്മി.

# കേരളം

പർവ്വതശിഖരങ്ങളും താഴ്‌വരകളും നദികളും കായലുകളും കൊണ്ടു രമണീയമായ പ്രകൃതിയാൽ അനുഗൃഹീതയാണ് കേരളം. വടക്ക്, വടക്കുകിഴക്കുഭാഗങ്ങളിൽ കർണ്ണാടകം, തെക്ക്, തെക്കുകിഴക്കുമായി തമിഴ്നാട്, പടിഞ്ഞാറ് ലക്ഷദ്വീപിലേക്കുള്ള സമുദ്രവാതായനം - എത്ര




മനോഹരമായ ഭൂപ്രദേശമാണ് കേരളം. പ്രകൃതി കനിഞ്ഞു നൽകിയ സമ്പത്തും, അഴകും, അപൂർവതകളും കൊണ്ട് "ദൈവത്തിന്റെ സ്വന്തം നാട്" എന്നു വിശേഷിക്കപ്പെടുന്ന കേരളം ആ പേരിനു തികച്ചും അർഹം തന്നെ.

ഭാഷയുടെ അടിസ്ഥാനത്തിൽ 'കേരളം' എന്ന സംസ്ഥാനം 1956 നവംബർ 1 നാണ് രൂപം കൊണ്ടതെങ്കിലും പൗരാണികമായ ചരിത്രവും, കല, ശാസ്ത്രം തുടങ്ങിയ രംഗങ്ങളിലെ പാരമ്പര്യവും ഈ നാടിനെ മഹത്തരമാക്കുന്നു. സാമൂഹികാടിസ്ഥാനത്തിലുള്ള വലിയ മാറ്റങ്ങൾ ഇവിടെ കൊണ്ടു വരാൻ കഴിഞ്ഞത് സ്വന്തം സാംസ്കാരിക പൈതൃകത്തിന്റെ പിന്തുണ കാരണമാണ്.

സാംസ്കാരികതയോടു ചേർന്നു നില്ക്കുന്ന മതസൗഹാർദ്ദവും കേരളത്തിന്റെ മേന്മയായി കാണേണ്ടതാണ്. വൈദേശികമായ ക്രിസ്തുമതവും ഇസ്ലാംമതവും ഇന്ത്യയിൽ പ്രവേശിച്ചത് നമ്മുടെ കേരളത്തിലൂടെയാണ്. ഇന്ത്യയിലെ ഒന്നാമത്തെ ക്രൈസ്തവദേവാലയവും, മുസ്ലീം ദേവാലയവും സ്ഥിതി ചെയ്യുന്നത് കേരളത്തിലെ കൊടുങ്ങല്ലൂരിലാണ് എന്നതു

തന്നെ അക്കാലത്തെ മതസൗഹാർദ്ദത്തിനു തെളിവാണ്.

നദികളും തടാകങ്ങളും കായലുകളും കുളങ്ങളും നൽകുന്ന ജലസമൃദ്ധിയിലും കേരളം വളരെ മുൻപിലാണ്. ഈ ജലസമൃദ്ധി ഇവിടുത്തെ കാർഷികമേഖലയ്ക്കും വനസമ്പത്തിനും കൂടുതൽ ചൈതന്യം നൽകുന്നു. കാർഷികരംഗത്തെ എടുത്തുപറയേണ്ട വിളകളാണ് സുഗന്ധവ്യഞ്ജനങ്ങൾ. വിദേശികളുടെ ഏറ്റവും പ്രിയവ്യഞ്ജനമായ കുരുമുളക് കേരളത്തിന്റെ സംഭാവനയാണ്. പണ്ട് ഈ സുഗന്ധവ്യഞ്ജനങ്ങൾ തേടിയാണല്ലോ വിദേശസാമ്രാജ്യശക്തികൾ കേരളത്തിലെത്തിയതും കച്ചവടബന്ധം തുടങ്ങിയതും. കാലാവസ്ഥയും പ്രകൃതിയും പോലെ തന്നെ ആകർഷകമാണ് ഇവിടത്തെ കലാ-സാംസ്കാരികപാരമ്പര്യങ്ങളും ഉത്സവങ്ങളും പൂരങ്ങളും. മനോഹരമായ വൈരുദ്ധ്യങ്ങളുടെ പ്രകൃതിപരമായ ഏകോപനമാണ് കേരളത്തിൽ കാണാൻ കഴിയുക. കേരളത്തെ അറിയുക എന്നാൽ ഈ വ്യത്യസ്തതകളെയും അപൂർവ്വതകളെയും പൈതൃകത്തെയും അറിയുക എന്നതാണ്.

# പ്രണയത്തോട്



എത്ര നോവിച്ചാലു

തള്ളുവാൻ വയ്യാത്ത -

യത്രയും
തമ്മിലടുത്തുപോയെങ്കിലും

നമ്മൾക്കിടയിലെ

നാമങ്ങളല്ലാതെ

നമ്മളിന്നെവരെ മാറിയില്ലെങ്കിലും

സ്വപ്നങ്ങളിൽ

ചോര കുടിക്കാൻ നിത്യവും

മുള്ളിലൂടെന്നെ നടത്തും

പ്രണയമേ ....,

# മയിലമ്മക്ക്...!



കത്തിത്തുടങ്ങിയ
പീലികൾ നിവർത്തിപിടിച്ചാടിയ
ഒരു കനവുകൂടി യാത്രയായി

ഒരിക്കലും
ഉറങ്ങാത്ത
ഒരു പോരാട്ടം നമ്മളെയേൽപ്പിച്ച്

ഒരിക്കലും അസ്തമിക്കാത്ത
ഒരു പീലിത്തുണ്ട്

നമ്മളിൽ പൊഴിച്ചിട്ട്
ഒരിക്കലും
താഴാത്ത
ഒരു മുഷ്ടി നമ്മളെ കാണിച്ച്

# ചോദ്യം;ഉത്തരം

1.കുട്ടനാടിന്റെ ഇതിഹാസകാരൻ എനനറിയപ്പെടുന്ന സാഹിത്യകാരൻ?

ഉത്തരം: തകഴി

2.ലീലാതിലകം എന്ന വ്യാകരണ ഗ്രന്ഥം രചിച്ചിരിക്കുന്നത് ഏത് ഭാഷയിൽ?

ഉത്തരം: സംസ്കൃതം

3.കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ വൃത്തം?

ഉത്തരം: നതോന്നത

4. “time and tide wait for no man” എന്നതിന്റെ ആശയം?

ഉത്തരം: കാലവും തിരമാലയും ആർക്കുവേണ്ടിയും കാത്തു നിൽക്കില്ല

5.പുരോഗതി എന്നതിന്റെ വിപരീതം?

ഉത്തരം: അധോഗതി

6.ദ്രശ്യം എന്നതിന്റെ ശരിയായ വിഗ്രഹാർത്ഥം?

ഉത്തരം:ദർശിക്കപ്പെടാവുന്നത്

7.പി.വി.നാരായണൻ നായരുടെ തൂലികാനാമം?

ഉത്തരം:പവനൻ

8.വിണ്ടലം എന്ന വാക്ക് പിരിച്ചെഴുതുമ്പോൾ?

ഉത്തരം:വിൺ+തലം

9.'ഈരേഴ്' എന്ന പദത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഭേദകം ഏത് വിഭാഗത്തിൽ ഉൾപ്പെചടുന്നു?

ഉത്തരം:സാംഖ്യം

10.ഹൈമതഭൂവിൽ എന്ന യാത്രാവിവരണ ക്രതിയുടെ കർത്താവ് ?

ഉത്തരം:എം.പി.വീരേന്ദ്രകുമാർ

11.ദ്രാവിഡം എന്ന പദത്തിന്റെ പൂ എന്റെ കുമ്പളങ്ങിർവ്വരൂപം?

ഉത്തരം:തമിഴ്

12.ഒ.എൻ.വി.കുറുപ്പിന്റെ ആത്മകഥ?

ഉത്തരം:പോക്കുവെയിൽ മണ്ണിലെഴുതിയത്

13.കേരള സാഹിത്യ അക്കാദമിയുടെ ആദ്യ പ്രസിഡന്റ്?

ഉത്തരം:സർദാർ കെ.എം.പണിക്കർ

14.ഉള്ളൂർ എഴുതിയ മഹാകാവ്യം?

ഉത്തരം:ഉമാകേരളം

15.ശ്രീനാരായണ ഗുരുവിനെ രണ്ടാം ബുദ്ധൻ എന്ന

വിശേഷിപ്പിച്ചത് ആര്?

ഉത്തരം:ജി.ശങ്കരക്കുറിപ്പ്

16.ഒന്നോ ഒന്നിലധികമോ വർണങ്ങൾ ചേർന്ന സ്വതന്ത്രമായി

ഉച്ചാരണമുള്ള ഭാഷാഘടകം?

ഉത്തരം:അക്ഷരം

17.എന്തെങ്കിലും ഒരു അർത്ഥത്തെ വചിക്കുന്ന അക്ഷരമോ

അക്ഷരസമൂഹമോ ആണ്.................

ഉത്തരം:ശബ്ദം

18.ജാതി,വ്യക്തി ഭേദമല്ലാത്ത നാമമാണ്............

ഉത്തരം:മേയനാമം

19.അര വൈദ്യൻ ആളെക്കൊല്ലി എന്ന ചൊല്ലിന്റെ ആശയം

എന്ത്?

ഉത്തരം:അൽപജ്ഞാനം ആപത്ത്

20.കാരവം എന്ന പദത്തിനർത്ഥം?

ഉത്തരം:കാക്ക

# മനസ്സിന്റെ സന്തുഷ്ടി

കിട്ടുന്ന ആഹാരം കൊണ്ട് തൃപ്തരായി നടക്കുന്ന ഒരു സന്ന്യാസി സംഘം.എന്ത് ആഹാരം കിട്ടിയാലും തൃപ്തിയോടെ കഴിക്കും.അവരെല്ലാം കാഴ്ചയിൽ തടിച്ച് കൊഴുത്തുവരുമായിരുന്നു.ഇവരെ കണ്ട് അന്നാട്ടിലെ രാജാവ് ഏറ്റവും ബുദ്ധിമാനായ മന്ത്രിയോട് ചോദിച്ചു:
"എത്രയോ മെച്ചപ്പെട്ട ആഹാരം കഴിക്കുന്ന ഞാൻ മെലിയുന്നു.മോശപ്പെട്ട ആഹാരം കഴിക്കുന്ന ഈ സന്ന്യാസികൾ എങ്ങനെ തടിച്ച് കൊഴുക്കുന്നു?"

മന്ത്രി വിനയപൂർവം കാരണം മൊഴിഞ്ഞു:
"തടിക്കുന്നതും മെലിയുന്നതും ഭക്ഷണം കൊണ്ടല്ല.മനസ്സിന്റെ പ്രവർത്തനം കൊണ്ടാണ് തിരുമേനി."

രാജാവിന് വിശ്വാസമായില്ല.മന്ത്രി ആ സന്ന്യാസിമാരെ വിളിച്ച് വരുത്തി ഒരു ദിവസം ഉഗ്രൻ സദ്യ നൽകി.

സന്ന്യാസിമാർക്ക് സന്തോഷമായി.മന്ത്രി ഇത് ഒരു മാസത്തോളം തുടർന്നു.എന്നും സമൃദ്ധമായ കിട്ടിയതോടെ സന്ന്യാസിമാർക്ക സന്തോഷമായി

# എന്റെ കുമ്പളങ്ങി



എറണാകുളം സൌത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും ഏകദേശം പതിനഞ്ച് കിലോമീറ്ററും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം നിന്ന് ഏകദേശം മുപ്പതു കിലോമീറ്ററും അകലെയായി സ്ഥിതി ചെയ്യുന്ന ഈ ഗ്രാമത്തിൽ കേരള ഗവണ്മെന്റ് കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയവുമായി ചേർന്ന് ധാരാളം പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു.



കോൺഗ്രസ് നേതാവും കേന്ദ്ര കൃഷി സഹമന്ത്രിയുമായ പ്രൊഫസർ കെ.വി തോമസ് കുമ്പളങ്ങി കഥകൾ നർമരസത്തോടെ എഴുതിയിട്ടുണ്ട്.

# പുള്ളിക്കരിങ്കാളി



കുറുമ്പന്തിരി വണ്ണാന്റെ സുഹൃത്തായ കരിന്തിരി കണ്ണൻ അദ്ദേഹത്തെ



സഹായിക്കാമെന്നേറ്റു. രാത്രി അദ്ദേഹം തൊഴുത്തിനടുത്ത് ഒളിച്ചിരുന്നു. ആ രാത്രി പുലികൾ വന്നപ്പോൾ കരിന്തിരി കണ്ണനു അമ്പെയ്യാൻ സമയം കിട്ടുന്നതിനു മുൻപേ പ്രതീക്ഷിക്കാത്ത തരത്തിൽ ആക്രമിച്ച് പുലികൾ അദ്ദേഹത്തെ കൊന്നു. അങ്ങനെ മരിച്ച കരിന്തിരി കണ്ണൻ തെയ്യമായി ആട്ടം ആടപ്പെടുന്നു. പുലിദൈവങ്ങൾ തുളുവനം കാട്ടിലായിരുന്നു അപ്പോൾ താമസിച്ചിരുന്നത്. ഒരു വർഷം രാമരാമത്ത് നിന്ന് കാരിയത് തണ്ടാൻ തുളുവനത്തിൽ തെയ്യം കാണാൻ പോയി. പുലിദൈവങ്ങൾ തണ്ടാനെ പിന്തുടർന്നു. രാമരാമത്ത് തണ്ടാൻ അവരെ പ്രതിഷ്ഠിച്ചു. ഈ സ്ഥലം കൂടാതെ പുലിദൈവങ്ങൾ പനയന്തട്ട നായരുടെ വീട്ടിലും

താമസിക്കുന്നുണ്ടായിരുന്നു. പക്ഷെ പുലിദൈവങ്ങളുടെ ചേഷ്ടകൾ സഹിക്കാവുന്നതിനപ്പുറമായിരുന്നു. അതുകൊണ്ട് ഒരു ഉത്സവകാലത്ത് അദ്ദേഹം മുച്ചിലോട്ട് ഭഗവതിയോട് പുലിദൈവങ്ങളുടെ ശല്യത്തെക്കുറിച്ച് പരാതിപ്പെട്ടു. പുലിദൈവങ്ങളെ പ്രതിഷ്ഠിച്ചിരുന്ന വിളക്ക് അവിടെ നിന്ന് മുച്ചിലോട്ട് ഭഗവതി പറിച്ചെടുത്ത് കോറോത്ത് മുച്ചിലോട്ട് കാവിന്റെ ഇടത് ഭാഗത്ത് പ്രതിഷ്ഠിച്ചു. അങ്ങനെ മുച്ചിലോട്ട് കാവിലെ സാന്നിധ്യമായി പുലിയൂർ കണ്ണനും പുലിയൂർ കാളിയും. വാണിയ ജാതിക്കാരുടെ തെയ്യമാണ് പുലിയൂർ കണ്ണൻ. എണ്ണയാട്ടുന്ന ചക്കാളങ്ങളിൽ പുലിയൂർ കണ്ണനെ പ്രത്യേകം ആരാധിക്കുന്നു..

# കണ്ടൽക്കാട്



അഴിമുഖങ്ങളിലും ചതുപ്പുകളിലും കായലോരങ്ങളിലും വളരുന്ന വൃക്ഷങ്ങളും കുറ്റിച്ചെടികളും അടങ്ങുന്ന സങ്കീർണ്ണമായ ആവാസവ്യവസ്ഥകൾ ആണ് **കണ്ടൽകാട്** (Mangrove forest). കണ്ടൽമരങ്ങളും അവയുടെ കൂടെ വളരുന്ന കണ്ടലിതര സസ്യങ്ങളും ഇപ്രദേശങ്ങളിൽ ഇടതിങ്ങി വളരുന്നു. പുഴയും കടലും ചേരുന്നിടത്തുള്ള ഉപ്പു കലർന്ന വെള്ളത്തിൽ വളരുന്ന ഇവയെ കണ്ടൽച്ചെടികൾ എന്നും വിളിക്കുന്നു. വേലിയേറ്റ



സമയത്ത് ജലാവൃതമായും വേലിയിറക്ക സമയത്ത് അനാവൃതവുമായ അന്തരീക്ഷവുമായി ബന്ധപ്പെടുന്ന തണ്ണീർത്തടങ്ങളിലെ ചതുപ്പ് നിലങ്ങളിലാണ് കണ്ടൽക്കാടുകൾ വളരുന്നത്. 80 രാജ്യങ്ങളിലായി ഏകദേശം 1.4 കോടി ഹെക്റ്റർ പ്രദേശത്ത് കണ്ടൽക്കാടുകൾ ഉണ്ട് എന്ന് കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ 6740 ചതുരശ്രകിലോമീറ്റർ പ്രദേശത്ത് ഇവ കാണപ്പെടുന്നുണ്ടെന്നാണ് കണക്ക്. അധികവും ആന്തമാൻ നിക്കോബാർ ദ്വീപുകളുടെ കിഴക്കൻതീരങ്ങളിലാണ്. ഭൂമിയിലെ ഏറ്റവും ജൈവസമ്പന്ന ആവാസവ്യവസ്ഥകളിൽ പ്രധാനപ്പെട്ടവയാണ് കണ്ടൽകാടുകൾ. ഉഷ്ണ മേഖല കാടുകൾ ആഗിരണം ചെയ്യുന്ന കാർബണിനേക്കാൾ അമ്പതിരട്ടി കാർബൺ വലിച്ചെടുക്കാനുള്ള ശേഷി ഇത്തരം കണ്ടൽക്കാടുകൾക്കുണ്ട്. വ്യത്യസ്തയിനം മത്സ്യങ്ങളടക്കമുള്ള ജലജീവികൾക്ക് സുരക്ഷിതമായി പ്രജനനം നടത്താനും ഈ പ്രദേശങ്ങളാണ് അഭയം.

# വിഷു



വിഷുക്കണി




കേരളത്തിലെ കാർഷികോത്സവമാണ് **വിഷു.**മലയാളമാസം മേടം **ഒന്നി**നാണ് വിഷു ആഘോഷിക്കുന്നത്. അടുത്ത ഒരു കൊല്ലത്തെ ഫലത്തെ കുറിച്ചും ഇക്കാലയളവിൽ ജനങ്ങൾ ചിന്തിക്കുന്നു. **വിഷുഫലം** എന്നാണ് ഇതിനു പറയുക. കേരളത്തിൽ മാത്രമല്ല അയൽ സംസ്ഥാനങ്ങളിൽ അതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും വിഷു ആഘോഷിക്കാറുണ്ട്. ഭാരതത്തിലെ മിക്ക സംസ്ഥാനങ്ങളിലും സമാനമായ ആഘോഷങ്ങൾ ഉണ്ട്. എല്ലായിടത്തും ഭാരതത്തിൽ മുൻപ് നിലവിലിരുന്ന പഞ്ചാംഗം പ്രകാരമുള്ള വർഷാരംഭമാണ് ദിനം.

'പൊലിക പൊലിക ദൈവമേ തൻ നെൽ പൊലിക' എന്നും മറ്റുമുള്ള പുള്ളുവപ്പാട്ടും വിഷുവിന്റെ ഐശ്വര്യദായക സ്വഭാവത്തെയാണ് കാണിക്കുന്നത്. വിഷുവിനു ചെയ്യുന്ന കാര്യങ്ങളുടെ ഫലങ്ങൾ അടുത്ത ഒരു കൊല്ലക്കാലം നിലനിൽക്കുന്നു എന്നാണ് വിശ്വാസം. കേരളത്തിൽ ശ്രീകൃഷ്ണന്റെ ആരാധനയുമായി ബന്ധപ്പെട്ട് വിഷുവിന് പ്രാധാന്യമുണ്ട്. ഗുരുവായൂർ പോലെയുള്ള ശ്രീകൃഷ്ണക്ഷേത്രങ്ങളിൽ മേടവിഷു വളരെ പ്രാധാന്യത്തോടെ ആഘോഷിക്കാറുണ്ട്.

# ക്രിസ്തുമസ്




**ക്രിസ്തുമസ്** അഥവാ **നത്താൾ** ക്രിസ്തീയ കലണ്ടർ പ്രകാരമുള്ള പുണ്യദിനമാണ് . യേശു ക്രിസ്തുവിന്റെ ജനനമാണ് ഈ ദിവസത്തിൽ അനുസ്മരിക്കപ്പെടുന്നത്. ലോകമെമ്പാടും ഡിസംബർ 25 ആണ് ക്രിസ്തുമസ് ആയി കണക്കാക്കുന്നത്. എന്നാൽ ചില ക്രിസ്തീയ സഭകളിൽ മറ്റു ചില ദിവസങ്ങളിലാണ് ഈ ആഘോഷം. ക്രിസ്തീയ ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ ക്രിസ്തുമസ് ഏറ്റവും പ്രധാനപ്പെട്ട ആഘോഷമാണ്. എന്നാലിന്ന് മിക്ക ദേശങ്ങളിലും ഒരു



മതവിഭാഗത്തിന്റെ പ്രത്യേക ആഘോഷം എന്നതിനുമപ്പുറം ക്രിസ്തുമസ് ഏവർക്കും സന്തോഷം പകരുന്ന ആഘോഷമായി മാറിയിട്ടുണ്ട്. മിക്ക സ്ഥലങ്ങളിലും പരസ്പരം സമ്മാനങ്ങൾ കൈമാറാനും ബന്ധങ്ങൾ പുതുക്കാനുമുള്ള അവസരമായാണ് ഈ ദിവസം കണക്കാക്കപ്പെടുന്നത്. ക്രിസ്തുമസ് ആഘോഷങ്ങളും ആചാരങ്ങളും ഓരോ ദേശത്തും വ്യത്യസ്തവുമാണ്.

# സ്വാതന്ത്ര്യ സമര സേനാനികൾ

## മഹാത്മ ഗന്ധിജി



ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രായോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്കു മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാനിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി.


*********************

## രാജാ റാം മോഹൻ റോയ്



ഇന്ത്യയിലെ ആദ്യകാല സാമൂഹ്യപരിഷ്കർത്താവും നവോത്ഥാന നായകനുമായിരുന്നു **രാജാ റാം മോഹൻ റോയ്**.(മേയ് 22, 1772 – സെപ്റ്റംബർ 27, 1833. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നേതാവ് എന്ന നിലയിലും പ്രസിദ്ധി നേടിയിരുന്നു.

## വയികം മുഹമ്മദ് ബഷീറ്



1908 ജനനം.
പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച **തങ്കം** ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.1994 മരണം

********************

## ബാൽ ഗംഗാധര തിലക്



സ്വാതന്ത്ര്യസമര സേനാനി, രാഷ്ട്രീയനേതാവ്, പത്രപ്രവർത്തകൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ പ്രശസ്തനായ ഒരു ഇന്ത്യൻ നേതാവായിരുന്നു **ബാൽ ഗംഗാധർ തിലക്** (ജൂലൈ 23 1856 –ഓഗസ്റ്റ് 1 1920). പേരു കേട്ട സംസ്കൃത പണ്ഡിതനായിരുന്നു. വേദ ആചാര്യന്മാരുടെ കാലനിർണ്ണയം ചെയ്തത് അക്കാലത്ത് ശ്രദ്ധിക്കപ്പെട്ടിരുന്നു. ഹോംറൂൾ പ്രസ്ഥാനം അദ്ദേഹത്തിന്റെ സംഭാവനയാണ്. ഇന്ത്യൻ സ്വാതന്ത്ര ദിന ആഘോഷങ്ങൾ
.അദ്ദേഹത്തിന്റെ ആശയമാണ്

# ദീപാവലി



തിന്മയുടെ

മേൽ നന്മയുടെ വിജയത്തെ ആഘോഷിക്കുന്ന ഉൽസവമാണ് **ദീപാവലി** അഥവാ **ദിവാളി** തുലാമാസത്തിലെ അമാവ ദിവസമാണ് ദീപാവലി ആഘോഷിച്ചുവരുന്നത്. ദീപങ്ങളുടെ ഉൽസവമായ ഇത് ഹിന്ദു, ജൈന, സിഖ് മതവിശ്വാസികൾ മൺവിളക്കുകൾ തെളിച്ചും പടക്കം പൊട്ടിച്ചും ആഘോഷിക്കുന്നു. ദീപാവലി ദക്ഷിണേന്ത്യൻ ഭാഷകളിൽ (തമിഴ്,തെലുങ്ക,കന്നഡ,മലയാളം) സംസ്കൃത്തിലെ അതേപേരിലും മറ്റുഭാഷകളിൽ ദിവാലി എന്ന പേരിലും ആചരിക്കുന്നു. എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും ഇത് ആഘോഷിക്കുന്നു.

# നന്ദി

**ഈ ഡിജിറ്റൽ മാസിക യാഥാർത്ഥ്യമാക്കിയ സെന്റ് പീറ്റേഴ്സ് സ്കൂളിലെ എല്ലാ "ലിറ്റിൽ കൈറ്റസ്" അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകിയ സാബു സാറിനും, സിൻല ടീച്ചറിനും,ഓസ്റ്റിൻ സാറിനും നന്ദി പറഞ്ഞുകൊള്ളുന്നു**

**എഡിറ്റർ**
**വിവേക് അഗസ്റ്റിൻ**